# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5807
# 19/11/2019 ലെ മറുപടിക്ക്

**വൈക്കം താലൂക്ക് ആശുപത്രിയിൽ തുക അനുവദിക്കുന്നതിന് പ്രത്യേക അനുവാദം**

| ചോദ്യം<br>ശ്രീമതി സി.കെ. ആശ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക അനുവാദത്തിനായി എം.എൽ.എ. നൽകിയ കത്തിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ നൽകിയ കത്ത് ധനകാര്യ വകുപ്പിൽ പരിശോധിച്ച് ഓക്സിജൻ പ്ലാന്റ് മൂലധന സ്വഭാവമുള്ള ആസ്തികളുടെ ഗണത്തിൽ ഉൾപ്പെടുന്നതായതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വൈക്കം താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ലെന്നും ഭരണാനുമതി ലഭിക്കുന്നതിലേയ്ക്കായി പ്രസ്തുത ശിപാർശ കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണെന്നും ബഹു. എം.എൽ.എ യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ